ഉത്തരം

(എ) ചീഫ് ടൗൺ പ്ലാനറെ കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിയമിക്കുവാൻ വേണ്ടിയാണ് പ്രസ്തുത തസ്തിക ഒഴിച്ചിട്ടത്.

(ബി) കെ.യു.ആർ.ഡി.എഫ്.സി.-യിൽ നഗരാസൂത്രണ കാര്യങ്ങളിൽ പരിചയ സമ്പന്നരായ ഒരു ഉദ്യോഗസ്ഥന്റെ ആവശ്യം കൂടി കണക്കിലെടുത്താണ് ചീഫ് ടൗൺ പ്ലാനറെ കെ.യു.ആർ.ഡി.എഫ്.സി.-യുടെ എം.ഡി. ആയി നിയമിച്ചത്.

(സി) രണ്ടു കേസുകൾ (V.C. 9/1997/ALP-ഉം V.C. 9/2003/ALP-ഉം) ഇതിൽ V.C. 9/1997/ALP എന്ന കേസ് വിശദമായ വിജിലൻസ് അന്വേഷണത്തിനായി വിജിലൻസ് ഡൈറക്ടറേറ്റിന് 16-1-2006-ൽ കൈമാറിയിട്ടുണ്ട്. V.C. 9/2003/ALP എന്ന കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.

ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ

84 (245) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച രാഷ്ട്രപതി കെ. ആർ. നാരായണന് സ്മാരകമായി തലസ്ഥാന വികസന പദ്ധതി പ്രകാരം ആക്കുളത്ത് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ ആവശ്യത്തിലേക്ക് തിരുവനന്തപുരം ടെക്നോപാർക്കിൽ നിന്ന് സ്ഥലം ഏറ്റെടുക്കാൻ തലസ്ഥാന വികസനത്തിനായുള്ള എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തീരുമാനം ടെക്നോപാർക്ക് അധികൃതരോട് രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

(ഇ) ഈ തീരുമാനത്തിന് തുടർനടപടികളെന്തായി എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ടെക്നോപാർക്ക്, ടൂറിസം, തദ്ദേശസ്വയംഭരണം, നിയമം, പട്ടികജാതി ക്ഷേമം തുടങ്ങിയ ബന്ധപ്പെട്ട എല്ലാ വകുപ്പധികൃതരും പങ്കെടുക്കുന്ന ഒരുന്നതതല സമ്മേളനം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) കെ. ആർ. നാരായണന് സ്മാരകമായി, ആക്കുളം കൺവെൻഷൻ സെന്ററിന് സ്ഥലം കൈമാറി കിട്ടാൻ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ആക്കുളം കായലിന്റെ സമീപം ടെക്നോപാർക്കിന്റെ അധീനതയിലുള്ള 46 ഏക്കർ സ്ഥലമാണ് പദ്ധതിക്ക് ആവശ്യമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ടെക്നോപാർക്കിന്റെ അധീനതയിലുള്ള സ്ഥലം അക്വയർ ചെയ്യാൻ ചെലവഴിച്ച പണം ടെക്നോപാർക്കിന് നൽകിയാൽ പ്രസ്തുത സ്ഥലം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന് വിട്ടുകൊടുക്കാൻ ടെക്നോപാർക്ക് സന്നദ്ധമാണെന്ന് ടൂറിസം ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന് അനുയോജ്യരായ സ്വകാര്യ സംരംഭകരെ കണ്ടെത്തിയ ശേഷം ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(എഫ്) ആവശ്യമെങ്കിൽ വിളിച്ചുചേർക്കുന്നതാണ്.

(ജി) അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാളയം ട്രിഡ കെട്ടിടത്തിൽ കടകൾ അനുവദിക്കൽ

65 (246) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പാളയം സാഫല്യം കോംപ്ലക്സിനടുത്ത് ട്രിഡ നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിൽ വ്യാപാരികൾക്ക് എത്ര കടകൾ അനുവദിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരം എം.ജി. റോഡ് വികസനത്തിന്റെ ഭാഗമായി കടകൾ നഷ്ടപ്പെടുന്ന എത്ര വ്യാപാരികൾക്ക് പുതിയ കെട്ടിടത്തിൽ കടകൾ നൽകി പുനരധിവസിപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കെട്ടിടത്തിൽ നിലവിലുള്ള കടകളിൽ സ്ത്രീകൾക്കായി ഒരു നിശ്ചിത ശതമാനം കടകൾ സംവരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അപ്രകാരം സംവരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) എം.ജി. റോഡിന്റെ വികസനത്തിന്റെ ഭാഗമായി കടകൾ നഷ്ടപ്പെടുന്ന സ്ത്രീകളായ കച്ചവടക്കാർക്ക് പാളയത്തുള്ള പുതിയ കെട്ടിടത്തിൽ പ്രത്യേക പരിഗണന നൽകി പുതിയ കടകൾ അലോട്ടുചെയ്ത് അവരെ പുനരധിവസിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 102 കടകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 97 വ്യാപാരികളെ പുനരധിവാസ ബ്ലോക്കിലെ കടകളിൽ പുനരധിവസിപ്പിക്കാൻ കഴിയും.

(സി) ചെയ്തിട്ടില്ല. എന്നാൽ സ്ത്രീകളുൾപ്പെടെയുള്ള ട്രിഡയുടെ എം.ജി. റോഡിന്റെ സൈഡിലുള്ള വാടകക്കാരായ എല്ലാ വ്യാപാരികൾക്കും ഈ കെട്ടിടത്തിലെ കടകളിൽ പുനരധിവാസം നൽകുന്നുണ്ട്.

(ഡി) ബാധകമല്ല.

(ഇ) ജനറൽ പദ്ധതിയിൽ ഉൾപ്പെട്ട ട്രിഡയുടെ വാടകക്കാരായ വ്യാപാരികൾക്ക് പുനരധിവാസം നൽകാൻ മാത്രമേ ഇപ്പോൾ നിർമ്മിക്കുന്ന പുനരധിവാസ ബ്ലോക്കിലെ കടകളിൽ സൗകര്യമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly